# കൊളവല്ലൂർ ഈസ്റ്റ് എൽ പി സ്കൂൾ

## എൽ എസ് എസ് - 2020

### മാതൃക പരീക്ഷ

**പേര്:**

**പേപ്പർ -1 പാർട്ട് - എ** **മലയാളം** **1x10**

1 . താഴെക്കൊടുത്ത പദങ്ങളിൽ ശരിയായി എഴുതിയ പദത്തിനു ടിക് മാർക്ക് (✔) ഇടുക

(a) ശൃംഗം (b) ശൃഘം(c) ശൃംകം (d)ശൃംഖം

2. പ്രശസ്തമായ ഒരു ആട്ടക്കഥ ആണല്ലോ നളചരിതം. നളചരിതം ആട്ടക്കഥ അടിസ്ഥാനമാക്കി നടത്തുന്ന കലാരൂപം ഏത്?

A.

3. നാടൻ പദങ്ങൾ ധാരാളമായി ഉപയോഗിച്ചുള്ള രചന. താരാട്ട് പാട്ടിന്റെഈണം. ഭാഗവതത്തിൽ നിന്നും എടുത്ത കഥ .ഈ വിശേഷണങ്ങൾ ഏത് സാഹിത്യകൃതിക്കാണ് കൂടുതൽ യോജിക്കുക?

A.

4. "അങ്കണ തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ അമ്മതൻ നേത്രത്തിൽ നിന്നുതിർന്നൂ ചുടുകണ്ണീർ " ഇവിടെ **അങ്കണം** എന്ന പദത്തിൻറെ അർത്ഥം എന്താണ്?

A.

5. "പൊന്നണിഞ്ഞു "എന്ന പദം പിരിച്ചെഴുതുക.

A.

6. 1878 പൊന്നാനിയിൽ ജനിച്ചു. ആധുനിക കവിത്രയത്തിൽ ഉൾപ്പെടുന്നു .സാഹിത്യമഞ്ജരി രചിച്ചു. കേരളകലാമണ്ഡലം സ്ഥാപിച്ചു .ഈ പ്രസ്താവനകൾ ഏത് കവിയെ കുറിച്ചുള്ളതാണ് ?

A.

7. താഴെ കൊടുത്ത പഴഞ്ചൊല്ലുകളിൽ ഒന്ന് കൂട്ടത്തിൽ കൂടാത്തതാണ് . അത് കണ്ടെത്തി എഴുതുക.

(a) ഒരുമ തന്നെ പെരുമ (b) ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം

(c) ഒരുത്തനെ പിടിക്കുകിൽ കരുത്തനെ പിടിക്കണം (d) ഒത്തുപിടിച്ചാൽ മലയും പോരും.

A.

8. മണ്ണ് വെട്ടി വെട്ടി പൊന്ത കണ്ടു. പൊന്ത വെട്ടി വെട്ടി പാറ കണ്ടു.പാറ വെട്ടി വെട്ടി വെള്ളി കണ്ടു . വെള്ളി വെട്ടി വെട്ടി വെള്ളം കണ്ടു . ഈ കടങ്കഥയുടെ ശരിയുത്തരത്തിനു ടിക് മാർക്ക് (✔) ഇടുക

(a)കിണർ (b)മഞ്ഞൾ (c)തേങ്ങ (d) ചക്ക

9. നിങ്ങൾ പഠിച്ച ചില കവിതകളിലെ വരികളും കവികളുടെ പേരുമാണ് താഴെ കൊടുത്തിരിക്കുന്നത് ഇവയിൽ ശരിയായ ജോഡി ഏതാണ്?

(a)വെണ്ണയെക്കണ്ടൊരു കണ്ണന്താന്നാനനം വെണ്ണിലാവോലുന്ന തിങ്കൾപോലെ - ഏറ്റുമാനൂർസോമദാസൻ

(b) കുതിക്കുന്നു ഞാൻ- ആ മഴയിലല്ലാ ഒരു കുഞ്ഞുപെങ്ങൾ തൻ സ്നേഹവായ്പിൽ - ഒ എൻ വി കുറുപ്പ്

(c) കുറിയരി വെച്ചു വെളുത്തൊരു ചോറും കറികളുമാശു വിളമ്പി നിരന്നു - ചെറുശ്ശേരി.

(d) മഞ്ഞ കോടിയുമായെന്നച്ഛൻ പൊന്നോണത്തിനു വരുമല്ലോ - കുഞ്ചൻ നമ്പ്യാർ

A.

10. വിണ്ണ്, അംബരം, ഗഗനം.... ഈ കൂട്ടത്തിലേക്ക് ചേർക്കാവുന്ന മറ്റൊരു പദം ഏത് ?

(a) ധര (b) വനം (c) ഗാനം (d) വാനം

A

KOLAVALLOOR EAST L P SCHOOL

**<u>വിശദമായി ഉത്തരം എഴുതേണ്ടവ.</u>**

11. താഴെ കൊടുത്ത കവിത വായിക്കുക തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

കർക്കിടക കണ്ണീർ വാർന്നു
ദിക്കുകളെട്ടും തെളിവാർന്നു
തിരുവോണത്തെ വരവേൽക്കാൻ
ഒരുങ്ങി നിൽപ്പൂ ഗ്രാമങ്ങൾ
കുന്നിൻ ചെരുവിൽ പൂനിരകൾ
തെങ്ങിൻ മുരലിൽ പൂക്കുലകൾ
കൊയ്ത്തു കഴിഞ്ഞു പാടത്ത്
കൊറ്റികളെത്തി വരമ്പത്ത്
ഉണ്ടേ തുമ്പികൾ മുറ്റത്ത്
കണ്ടോ വെണ്മുകിൽ മാനത്ത്
തിരുവോണത്തെ വരവേൽക്കാൻ
ഒരുങ്ങി നിൽപ്പൂ തെരുവുകളും
ഓണക്കളികൾ പാട്ടുകളും
നാട്ടു വെടിഞ്ഞു പണ്ടെന്നോ
എങ്കിലുമോണം നമ്മൾക്ക്
എക്കാലത്തുമൊരാഹ്ലാദം

(വെളിച്ചം -മലയത്ത് അപ്പുണ്ണി)

(a) ഓണക്കാലം പൂക്കളുടെ കാലം കൂടിയാണ് . ആണ് ഈ ആശയം വരുന്ന വരികൾ ഏതാണ്? **1x1**

(b)ആഹ്ലാദം തരുന്നുണ്ടെങ്കിലും ഓണക്കാലത്തെ പല കാഴ്ചകളും ഇല്ലാതായി. മറഞ്ഞു പോയതായി ഈ കവിതയിൽ പറയുന്ന കാഴ്ചകൾ എടുത്ത് എഴുതുക. **1x1**

(c) കവിതക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. **3x1**

KOLAVALLOOR EAST L P SCHOOL

12. **താഴെ കൊടുത്ത വിവരണം ശ്രദ്ധിച്ച് വായിക്കുക തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

വീട്ടുകളിൽ അരി, മഞ്ഞൾ, മല്ലി, മുളക് എന്നിവ ഇടിച്ച് പൊടിയാക്കുവാൻ വേണ്ടി ഉപയോഗിച്ചിരുന്ന ഉപകരണമാണ് ഉരൽ. ഉലക്ക എന്ന ദണ്ഡ് ഉപയോഗിച്ചാണ് ഉരലിൽ ധാന്യങ്ങളും മറ്റും ഇടിക്കുന്നത്. പ്രാചീന മനുഷ്യൻ ഉരൽ ഏറ്റവും ആദ്യം ഉപയോഗിച്ചത് ഭക്ഷ്യവസ്തുക്കൾ പൊടിച്ചെടുക്കാനായിരുന്നിരിക്കണം. പാറപ്പുറത്തോ ഉറപ്പുള്ള മണ്ണിലോ ഉണ്ടാക്കിയിരുന്ന കുഴികളായിരുന്നിരിക്കും അവ. ഉറപ്പുള്ള ഗൃഹനിർമ്മാണം തുടങ്ങുന്നതോടെ വീട്ടിനുള്ളിലോ പുറത്തോ യഥേഷ്ടം മാറ്റിവെക്കാവുന്ന ഇന്നത്തെ രൂപത്തിലുള്ള ഉരലുകൾ രൂപം കൊണ്ടു. ആദ്യകാലത്ത് കരിങ്കല്ലുകൊണ്ടു തന്നെയായിരുന്നു ഉരൽ നിർമിച്ചിരുന്നത്. മരംകൊണ്ടുള്ള ഉരലും പ്രചാരത്തിലുണ്ടായിരുന്നു. മരം ധാരാളം ലഭ്യമായ കേരളക്കരയിൽ കല്ലണിക്കാരുടെ കുറവു കൂടി ആയപ്പോൾ ഉരുത്തിരിഞ്ഞു വന്നതായിരിക്കണം മരംകൊണ്ടുള്ള ഉരലുകൾ. മില്ലുകൾ, മിക്സികൾ എന്നിവ ധാരാളമായി വന്നതോടെ ഉരലുകൾ അപ്രത്യക്ഷമായി. ഒരു കാലത്ത് മനുഷ്യരെ ഒരുപാടു സഹായിച്ച ഈ ഉപകരണം ഇന്ന് സങ്കടപ്പെടുന്നുണ്ടാവുമോ?

(a) ഉരലുകൾ നാട്ടിൽ കാണാതെ ആവാൻ കാരണം എന്ത്? **1x1**

(b) എന്തെല്ലാം വസ്തുക്കൾ കൊണ്ടാണ് ഉരലുകൾ ഉണ്ടാക്കിയിരുന്നത്? **1x1**

(c) ഒരുകാലത്ത് മനുഷ്യരെ ഒരുപാട് സഹായിച്ച ഉരലിൻ്റെ ആത്മകഥ എഴുതുക. **3x1**

KOLAVALLOOR EAST L P SCHOOL

**Paper 1 Part B** **English**

**1. (a) Read the passage and answer the questions.** **1x1**

Ivan and his friends were playing a language game .
Ivan wrote an eleven letter word on a paper .
We can make the following words using the letters from that word .
(tail, night, late, eight)
What was the eleven letter word written by Ivan ?

**Answer**

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |

**(b) Read the following sets of events, which one is in correct order? A, B or C?** **1x1**

**write the appropriate letter in the given box.**

| A | B | C |
|---|---|---|
| The captain steered the ship to the shore and anchored it.<br><br>They saw huge waves breaking many ships<br><br>'Be careful; I hear the birds predicting a storm. Let us enter a harbour' Ivan said. | 'Be careful; I hear the birds predicting a storm. Let us enter a harbour'. Ivan said. The captain steered the ship to the shore and anchored it.<br><br>They saw huge waves breaking many ships. | They saw huge waves breaking many ships.<br><br>'Be careful; I hear the birds predicting a storm. Let us enter a harbour'. Ivan said. The captain steered the ship to the shore and anchored it. |

**Answer**

KOLAVALLOOR EAST L P SCHOOL

**( c) Description** **3x1**

Ivan became the prince of the country .
He invited all his friends to the palace for the ceremony.
They reached the palace.
'Wow...! what a marvelous scene!
All wondered to see the golden throne, shining pillers, stout courtiers etc ....

**can you describe the place?**

2 . **Find out the word.** **1x1**

**(a)** Rashi and Roopa made a beautiful garden. one day they met a new friend in the garden. can you find out the friend?

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **L** | **T** | **E** | **U** | **B** | **F** | **T** | **Y** | **R** |

**Answer**

**(b) Rearrange the words to get the correct answer.** **1x1**

How did Anna decorate her paper boat?

loaded/ her /flowers /Anna/ boat/shiuli/ with

**Answer**

**(c) Add more lines** **3x1**

Anna made paper boats in different colours .
Her decorated paper boats sailed through the stream.
She became happy and sang a song for the sailing boats.

Red nice paper boats sail to the trees
Swaying trees call you
To sway and dance with them.

Blue cute paper boats sail to the trees
Swimming fishes call you
To swim and play with them

**Answer**

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

..........................................................................................................................

KOLAVALLOOR EAST L P SCHOOL

**പേപ്പർ -1 പാർട്ട് സി** **പൊതുവിജ്ഞാനം**

**1x10**

1. ആമസോൺ മഴക്കാടുകൾ ഏത് രാജ്യത്താണ് ?

2. കേരളത്തിന്റെ സംസ്ഥാന വൃക്ഷം?

3. **കേരളത്തിലെ പക്ഷികൾ** എന്ന ഗ്രന്ഥത്തിൻറെ കർത്താവ്?

4. ഇന്ത്യയിൽ അവസാനം രൂപംകൊണ്ട സംസ്ഥാനം ഏത്?

5. എല്ലാവർക്കും സമത്വം ഉറപ്പുവരുത്തുന്ന ഭരണഘടന ആർട്ടിക്കിൾ?

6. ദേശീയ കായിക ദിനം എന്ന്?

7. 2019 ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് ആർക്ക്?

8. കേരളത്തിലെ ഇപ്പോഴത്തെ ഗവർണ്ണർ ആര്?

9. റിസർവ് ബാങ്ക് പുതുതായി പുറത്തിറക്കിയ 500 രൂപ നോട്ടിൽ ആലേഖനം ചെയ്തിരിക്കുന്ന ചിത്രം?

10. ഇന്ത്യയിൽ സാഹിത്യത്തിന് നൽകുന്ന ഏറ്റവും ഉന്നതമായ പുരസ്കാരം ഏത്?

KOLAVALLOOR EAST L P SCHOOL

**പേപ്പർ -2 പാർട്ട് - എ** **പരിസരപഠനം**

**ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** **1x10**

1. താഴെക്കൊടുത്തവയിൽ ഉഭയജീവി അല്ലാത്തത് ഏത്?

   തവള, ആമ, സാലമാണ്ടർ, ന്യൂട്ട്

2. താറാവിന്റെ ഒരു അനുകൂലനം എഴുതുക.

3. ദ്വിബീജപത്ര സസ്യത്തിന്റെ കാണ്ഡത്തിന്റെ പ്രത്യേകത എന്ത്?

4. എന്ത് വളർന്നാണ് കാണ്ഡമായിത്തീരുന്നത്?

5. ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് ഉത്തരവിട്ടത് ആര്?

6. കിറ്റ് ഇന്ത്യ പ്രമേയം അവതരിപ്പിച്ചത് ആര്?

7. ഏറ്റവും കൂടുതൽ ദൂരം ദേശാടനം നടത്തുന്ന പക്ഷി ഏത്?

8. ബ്രിട്ടിഷ് രാജാവ് ചിത്രകലയിലെ സംഭവനകൾ പരിഗണിച്ച് രാജാ രവിവർമയ്ക്ക് നൽകിയ പുരസ്കാരം ഏത്?

9. പകൽ കാണുന്ന നക്ഷത്രം ഏത്?

10. ഇന്ത്യയുടെ ദേശീയ മുദ്രയിൽ ഏതൊക്കെ മൃഗങ്ങളെ കാണാം?

**വിശദമായി ഉത്തരം എഴുതേണ്ടവ.**

11. മഴ ഉണ്ടാകുന്നത് എങ്ങനെ എന്ന് ഒരു ലഘു പരീക്ഷണത്തിലൂടെ വിശദമാക്കാമോ? **5x1**
    പരീക്ഷണക്കുറിപ്പും തയ്യാറാക്കുക .

KOLAVALLOOR EAST L P SCHOOL

12





.

**(a) ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ചില സംഭവങ്ങളാണ് ഇവിടെ കൊടുത്തത്. ഇവ വായിച്ച് താഴെ കൊടുത്ത പട്ടിക പൂർത്തിയാക്കുക** 3x1

| സംഭവം | വർഷം | സ്ഥലം | സംസ്ഥാനം |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

**(b) ഇന്ത്യയുടെ മാപ്പിൽ സംഭവങ്ങൾ നടന്ന സ്ഥലവും സംസ്ഥാനവും രേഖപ്പെടുത്തുക** 2x1




KOLAVALLOOR EAST L P SCHOOL

**പേപ്പർ 2 പാർട്ട് ബി** **ഗണിതം**

**ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** 1x5

1. 4×5×6×0 = ?

   a) 120 b) 1200 c) 0 d) 4560

2. 24 സെ.മീ ചുറ്റളവുള്ള ഒരു ചതുരത്തിൻറെ നീളവും വീതിയും ആകാൻ സാധ്യതയില്ലാത്ത അളവ് ഏത്?

(a) 10 സെ.മി നീളം 2 സെ.മി വീതി (b) 8 സെ.മി നീളം 4 സെ.മി വീതി

(c) 7 സെ.മി നീളം 5 സെ.മി വീതി (d) 23 സെ.മി നീളം 1 സെ.മി വീതി

3. സുരേഷിൻന്റെ കൃഷി തോട്ടത്തിൽ 8/30 ഭാഗം വാഴയും 12/30 ഭാഗം പാവലും ബാക്കി ഭാഗം പയറുമാണ് കൃഷിചെയ്തിരിക്കുന്നത് . പയർ കൃഷി ചെയ്തിരിക്കുന്ന സ്ഥലം എത്രയാണ് ?

   (a) 4/30 (b) 25/60 (c) 15/30 (d)10/30

4. മൂന്നക്കമുള്ള എത്ര ഇരട്ട സംഖ്യകൾ ഉണ്ട്?

   (a) 999 (b) 100 (c) 450 (d) 500

5. തുടർച്ചയായ 3 എണ്ണൽസംഖ്യകളുടെ തുക 165 ആയാൽ സംഖ്യകൾ ഏതൊക്കെ?

   a) 26,27,28 b) 45,46,47 c) 54,55,56 d) 74,75,76

**താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 1x5

6. ഒരു സംഖ്യയോട് 132 കൂട്ടേണ്ടതിനു പകരം സംഖ്യയിൽ നിന്നും 132 കുറക്കുകയാണ് ചെയ്തത്. ഉത്തരമായി 418 ലഭിച്ചു. നിർദ്ദേശമനുസരിച്ച് ചെയ്തിരുന്നുവെങ്കിൽ എത്രയായിരുന്നു ഉത്തരമായി ലഭിക്കേണ്ടിയിരുന്നത്?

7. 69×78 + 12×78 + 19×78 = ?

8. 983 നെ റോമൻ അക്കത്തിൽ എഴുതുക

9. 2016 ജനുവരി 3 ഞായറാഴ്ചയാണ്. എന്നാൽ 2016 ഏപ്രിൽ 13 ഏത് ദിവസമായിരിക്കും?

10. ബംഗളൂരിൽ നിന്ന് 22.15 ന് പുറപ്പെടുന്ന സൂപ്പർഫാസ്റ്റ് ബസ് പിറ്റേദിവസം രാവിലെ 6.45 ന് കണ്ണൂരിൽ എത്തുന്നു. ഈ ബസ് യാത്രയ്ക്കെടുത്ത സമയം എത്ര?

KOLAVALLOOR EAST L P SCHOOL

11. ആറ് നിലകളിലായി പ്രവർത്തിക്കുന്ന ഒരു കച്ചവട സ്ഥാപനത്തിൽ വിൽപ്പനക്കാരായി 102 പേരും പാക്കിങിനായി 105 പേരും ജോലി ചെയ്യുന്നു .വിൽപ്പനക്കാരുടെ ദിവസക്കൂലി 105 രൂപയും പാക്കിംഗ്കാരുടെ ദിവസക്കൂലി 85 രൂപയും വർധിപ്പിച്ചു. കാവൽക്കാരന്റെ ദിവസക്കൂലി 935 ൽ നിന്ന് 1040 രൂപയായും വർധിപ്പിച്ചു.

(a) **കാവൽക്കാരന്റെ ദിവസക്കൂലി യിൽ എത്ര രൂപ വർധിപ്പിച്ചു?** 1x1

(b) **വിൽപ്പനക്കാരായ 102 ജീവനക്കാരെ ആറ് നിലകളിലേക്ക് തുല്യമായി നൽകി എങ്കിൽ ഒരു നിലയിൽ എത്രപേർ ഉണ്ടാകും?** 1x1

(c) **മുഴുവൻ വിൽപ്പനക്കാരുടെയും പാക്കിംഗ് വിഭാഗക്കാരുടെയും ഒരു ദിവസത്തെ വർധിപ്പിച്ച കൂലി നൽകാൻ ആകെ എത്ര രൂപ വേണം?** 3x1

KOLAVALLOOR EAST L P SCHOOL

12. **<u>ചിത്രം ശ്രദ്ധിക്കു</u>**




(a) ചതുരത്തിന്റെ ചുറ്റളവ് എത്ര ? **1x1**

(b) ഈ ചതുരത്തെ 4 സെ.മീ. വശമുള്ള എത്ര സമചതുരങ്ങളായി മുറിച്ചെടുക്കാം? **1x1**

(c) ഈ ചതുരത്തിന്റെ 4 മൂലയിൽ നിന്നും നാല് സെൻറീമീറ്റർ വശമുള്ള സമചതുരങ്ങൾ മുറിച്ചുമാറ്റിയാൽ ശേഷിക്കുന്ന ഭാഗത്തിന്റെചുറ്റളവ് എത്ര? **2x1**

(d) തന്നിരിക്കുന്ന ചതുരത്തിന്റെ നീളം ഇരട്ടി ആയാൽ ചതുരത്തിന്റെ ചുറ്റളവ് എത്ര? **1x1**